**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4601** | **13-03-2023 - ല്‍ മറുപടിയ്ക്ക്**

**പട്ടികജാതി വിഭാഗത്തില്‍പ്പെട്ട എഞ്ചിനീയറിംഗ് ബിരുദധാരികള്‍**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **ശ്രീ. കെ. രാധാകൃഷ്ണന്‍<br>(പട്ടികജാതി, പട്ടികവര്‍ഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാര്‍ലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പട്ടികജാതി വിഭാഗത്തില്‍പ്പെട്ട എഞ്ചിനീയറിംഗ് ബിരുദധാരികളായ യുവതീ യുവാക്കളെ അക്രെഡിറ്റഡ് എഞ്ചിനീയര്‍മാരായി നിയമിക്കുന്ന പദ്ധതി നിലവില്‍ ഉണ്ടോ; എങ്കില്‍ വിശദാംശം ലഭ്യമാക്കാമോ? | (എ) | 29/06/2022ലെ സ.ഉ(കൈ) നം.30/2022/ പജപവവിവ ഉത്തരവ് പ്രകാരം അനുമതി നല്‍കിയതനുസരിച്ച് , എഞ്ചിനീയറിംഗ് വൈദഗ്ധ്യം ആവശ്യമുള്ള പദ്ധതികളുടെ നിര്‍വ്വഹണത്തിനായി സിവില്‍ എഞ്ചിനീയറിംഗ് ബിരുദം/ ഡിപ്ലോമ/ ഐ.ടി.ഐ യോഗ്യതയുള്ള പട്ടികജാതി/ പട്ടിക വര്‍ഗ്ഗത്തില്‍പ്പെട്ട മുപ്പത്തഞ്ച് വയസ്സ് പൂര്‍ത്തിയാകാത്ത യുവതീ യുവാക്കളെ അക്രഡിറ്റഡ് എഞ്ചിനീയര്‍/ ഓവര്‍സിയര്‍മാരായി രണ്ട് വര്‍ഷ ക്കാലയളവിലേയ്ക്ക് കരാറടിസ്ഥാനത്തില്‍ നിയമിച്ച് ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തില്‍ പട്ടികജാതി വികസന വകുപ്പില്‍ 300 അക്രഡിറ്റഡ് എഞ്ചിനീയര്‍/ ഓവര്‍സിയര്‍മാരെയാണ് നിയമിച്ചിട്ടുള്ളത്. പത്രപരസ്യം മുഖേന ഓരോ ജില്ലയിലും സിവില്‍ എഞ്ചിനീയറിംഗ് ബിരുദം/ഡിപ്ലോമ/ഐ.ടി.ഐ യോഗ്യതയുള്ള ഉദ്യോഗാര്‍ത്ഥികളില്‍ നിന്നും അപേക്ഷ ക്ഷണിച്ച് അഭിമുഖം നടത്തി യോഗ്യരായവരെ തെരഞ്ഞെടുക്കുകയും 18,000/- (പതിനെണ്ണായിരം രൂപ മാത്രം) രൂപ ഹോണറേറിയത്തില്‍ കരാറടിസ്ഥാനത്തില്‍ നിയമിയ്ക്കുകയും ചെയ്യുന്നു. |

സെക്ഷന്‍ ഓഫീസര്‍